Talented Bankers Literary Panel
പുസ്തക പരിചയം 255

പരിചയപ്പെടുത്തുന്നത്,
ലക്ഷ്മി ചന്ദ്രൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RBO, പത്തനംതിട്ട.

തരകൻസ് ഗ്രന്ഥവരി
ബെന്യാമിൻ

പ്രസിദ്ധികരിക്കും മുൻപ്, ഉള്ളടക്കം എന്തെന്നറിയും മുൻപ് തന്നെ, പുതുമയുള്ള ഒരു വായനാനുഭവം സമ്മാനിക്കുന്നു എന്ന നിലയിൽ ശ്രദ്ധ നേടിയ ഒരു പുസ്തകമാണ് ബെന്യാമിന്റെ "തരകൻസ് ഗ്രന്ഥവരി". നോവൽ വായനയുടെ ക്രമം വായനക്കാരനു തന്നെ നിശ്ചയിക്കുന്ന തരത്തിൽ, ഒരു നോവലിനെ തന്നെ പല രീതിയിൽ വായന സാധ്യമാകുന്ന തരത്തിൽ കാർഡ് രൂപത്തിലുള്ള നിർമ്മിതി. പേജ് നമ്പറുകൾ ഇല്ലാതെ, തുന്നിക്കെട്ടലുകൾ ഇല്ലാതെ 120 അധ്യായങ്ങൾ 120 കാർഡുകളിലായി ഒരു പെട്ടിക്കുള്ളിൽ അടുക്കി വച്ചിരിക്കുന്നു. വായന പൂർത്തിയാകുമ്പോൾ മാത്രം നോവലിന്റെ രൂപം വ്യക്തമാകുന്ന തരത്തിലുള രചന - ലോക സാഹിത്യ ചരിതത്തിൽ തന്നെ ഇത്തരമൊന്നു ആദ്യം.

തരിയത് മാത്തു എന്ന കച്ചവടക്കാരനിൽ നിന്നും തിരുവിതാംകൂറിന്റെ ചരിത്രത്താളുകളിൽ ഇടം പിടിച്ച,
തച്ചിൽ മാത്തു തരകനായി മാറിയ മനുഷ്യന്റെ കഥ പറയുന്ന നോവൽ,
തിരുവിതാംകൂറിന്റെ ചരിത്രവും കേരളത്തിന്റെ ക്രിസ്ത്യൻ ചരിത്രവും ഒക്കെ ഒരു വശത്തു നിർത്തിയുള്ള കഥ പറച്ചിൽ.

തിരുവിതാംകൂർ രാജാവിന്റെ വാണിജ്യ മന്ത്രിയായിരുന്ന തരകൻ പിന്നീട് വേലുതമ്പി ദളവയുടെ ശത്രുവാകുകയും അതിന്റെ ഫലമായി തരകന്റെ ഇരുചെവികളും മുറിച്ചു മാറ്റുകയും ചെയ്യുന്നു. പിന്നിട് വേലുത്തമ്പിയുടെ ആത്മഹത്യക്കു ശേഷം വീണ്ടും രാജാവിന്റെ പ്രീതിക്കു പാത്രമായ തരകന് രണ്ട് സ്വർണ ചെവികൾ സമ്മാനമായി നൽകുന്നു. തരകന്റെ കാലശേഷം ഈ ചെവികൾ ആ കുടുംബക്കാർ കുടുംബ സ്വത്തായി കാത്തുസൂക്ഷിച്ചു പോരുകയും ചെയ്തു.

സ്വർണ ചെവികൾ മോഷണം പോവുകയും അത് ആ കുടുംബത്തിലെ തന്നെ പുതു തലമുറയിൽ പെട്ട ഒരാൾ മോഷ്ടിച്ചതാണെന്ന് കണ്ടെത്തുകയും തുടർന്ന് അയാൾ മരണപ്പെട്ടുകയും ചെയ്യുന്നു. ആ മരണത്തെ ചുറ്റിപറ്റി നടക്കുന്ന അന്വേഷണം മറ്റൊരുവഴിയിലൂടെ നോവലിനെ മുന്നോട്ട് കൊണ്ട് പോകുന്നു. മരണപ്പെട്ട ചെറുപ്പക്കാരന്റെ ചില കുറിപ്പുകൾ അയാളുടെ പൂർത്തിയാകാത്ത രണ്ടു

നോവലുകളുടെ അവശേഷിപ്പുകൾ, വീട് പറയുന്ന കാര്യങ്ങൾ തീവണ്ടിയാപ്പീസ് പറയുന്നത്, കപ്പൽ പറയുന്ന കഥ, ഒരു നുള്ള് വിഷം പറയുന്ന കഥ ഇങ്ങനെയൊക്കയാണ് ഓരോ അധ്യായവും മുന്നോട്ട് പോകുന്നത്.

തിരുവിതാംകൂർ ചരിത്രവും മിത്തും വർത്തമാനകാലവും, ഭാവനയും എല്ലാം ഒന്നിച്ച് മുന്നേറുന്ന വ്യത്യസ്തമായ ഒരു ആഖ്യാന രീതി. ബെന്യാമിൻ ഇതിനു മുൻപും തന്റെ പല കൃതികളിലും
(മാന്തളിരിലെ 20 കമ്മ്യൂണിസ്റ്റ് വർഷങ്ങൾ, നിശബ്ദസഞ്ചാരങ്ങൾ ) കേരളത്തിലെ നസ്രാണി ചരിത്രം പലപ്പോഴായി വരച്ചു കാട്ടിയിട്ടുണ്ട്. അതിന്റെ ഒരു ആവർത്തനം പോലെ പലയിടത്തും അനുഭവപ്പെട്ടു.

'ഗ്രാഫ്യോളജിസ്റ്റിന്റെ നിഗമനങ്ങൾ' എന്ന അദ്ധ്യായത്തിൽ ആ ചെറുപ്പക്കാരന്റെ നോവലെഴുത്തിനെ, "ഒന്നിനും ഒരു അടുക്കും ചിട്ടയുമോ, ആദ്യമവസാനമോ ഇല്ല. എല്ലാം എവിടെയോ തുടങ്ങി എവിടെയോ അവസാനിക്കുന്നു.
താളിൽ നിന്ന് താളിലേക്ക് വിഷയങ്ങൾ മാറിമാറിയാണ് എഴുതിയിരിക്കുന്നത്" എന്ന് പറയുന്നുണ്ട്. ഈ നോവലെഴുത്തിനെ കുറിച്ചും ഈ വാക്കുകൾ തന്നെയാണ് ഉചിതം.

അലസമായ വായനയോ, വായിച്ചു വരികൾക്കിടയിൽ മനസ്സുടക്കുമ്പോൾ പുസ്തകം മടക്കിവച്ച് ആ വരികൾക്ക് പിന്നാലെ പോകുവാനോ ഈ കാർഡുകളിലെ വായന തടസ്സമാകുന്നു. ഒരു പസ്സിൽ പൂരിപ്പിക്കുന്ന അനുഭവം പോലെ ഇടക്കെപ്പോഴോ തോന്നി. വായനയിലുടനീളം വായനക്കാരനെ പിടിച്ചു നിർത്തുന്ന ബെന്യാമിൻ സ്പർശം ഈ നോവലിൽ അനുഭവിച്ചറിയാൻ കഴിഞ്ഞില്ല .

രൂപം കൊണ്ടും ഭാവം കൊണ്ടും പുതുമയുള്ള ഒരു പുസ്തകം ഞാൻ എടുത്ത കാർഡുകളും ക്രമത്തിൽ വായിച്ചു മനസ്സിലാക്കിയ വരികൾ. മറ്റൊരാളുടെ വായനാനുഭവം ഒരുപക്ഷെ തികച്ചും വ്യത്യസ്തമായിരിക്കാം.

ഒരു ഡിസി ബുക്ക് പ്രസിദ്ധീകരണം.
വില : Rs.399/-